**പതിമൂന്നാം കേരളനിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 756** **12/12/2012 ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രിയിലെ സൗജന്യ മരുന്നുകൾ**

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട് |
| (ബി) | എല്ലാ സർക്കാർ ആശുപത്രികളിലും ഇപ്പോൾ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുന്നുണ്ടോ; | (ബി) | സർക്കാർ ആശുപത്രികളിൽ എസ്സൻഷ്യൽ ഡ്രഗ്ഗ് ലിസ്റ്റിന്റെ 518 ഇനം മരുന്നുകളിൽ 480 ഇനം മരുന്നുകൾ ഇപ്പോൾ തന്നെ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ആന്റി കാൻസർ മരുന്നുകൾ 107 ഇനം ഉള്ളതിൽ 57 ഇനം മരുന്നുകൾ സൌജന്യമായി വിതരണം ചെയ്യുന്നുണ്ട്. റാഷണൽ ഡ്രഗ് ലിസ്റ്റിൽ (RDL) ഉൾപ്പെടെ ജനറിക് നെയ്മില്ലുള്ള 327 ഇനം മരുന്നുകളിൽ 13 ഇനം മരുന്നുകൾ എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിലും (EDL) ആന്റി കാൻസർ വിഭാഗത്തിലും പൊതുവായിട്ടുള്ളതാണ് ഈ 13 ഇനം മരുന്ന് ഒഴികെ റാഷണൽ ഡ്രഗ് ലിസ്റ്റിലെ(RDL) 314 ഇനം മരുന്നുകളിൽ 287 ഇനം മരുന്നുകൾ സൌജന്യമായി വിതരണം ചെയ്യുന്നുണ്ട്. ആരും തന്നെ ടെൻഡർ ക്വാട്ട് ചെയ്യാത്തതിനാലാണ് ചില മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാത്തത് . ഇത് റീ ടെൻഡർ നടത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇപ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | മരുന്നുകൾ ആവശ്യാനുസരണം കാരുണ്യ ഫാർമസി വഴി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | എല്ലാ സർക്കാർ ആശുപത്രികളിലും ഇപ്പോൾ ഡയാലിസിസ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല.<br>എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി പ്രാരംഭഘട്ടമെന്ന നിലയിൽ ജനറൽ ആശുപത്രി, പത്തനംതിട്ട, തൃശ്ശൂർ ജില്ലാ ആശുപത്രി , ജനറൽ ആശുപത്രി, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രി, തൊടുപുഴ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ആയി ആകെ 30 ഡയാലിസിസ് യൂണിറ്റുകൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഉടൻ നടപ്പിലാക്കുമോ? | | |

സെക്ഷൻ ഓഫീസർ